5
ജൂലൈ 2023
ബുധൻ
Pages- 5
Vol. 2 Issue 153

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
522



## മതപരിവർത്തനം ആരോപിച്ച് കനേഡിയൻ മിഷനറിയെ അറസ്റ്റ് ചെയ്തു



1967ലെ ഒഡീഷ ഫ്രീഡം ഓഫ് റിലീജിയൻ ആക്ടിന്റെ സെക്ഷൻ 4 പ്രകാരമാണ് കുറ്റാരോപിതനായ മിഷ്ണറിക്കെതിരേ കേസെടുത്തിരിക്കുന്നത്. ബൈബിളും ടൂറിസ്റ്റ് വിസയും പണവും ചില മരുന്നുകളും പോലീസ് പിടിച്ചെടുത്തു.

പേജ് 2,4 കാണുക



## സംസ്ഥാനത്ത് അതിതീവ്രമഴ; റെഡ് അലർട്ട് പ്രഖ്യാപിച്ചു

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 5 ബുധൻ



# കണ്ഡമാലിലെ അരിക്കൊമ്പനും, ബാഹുബലിയും

മണിപ്പൂരിൽ, ക്രൈസ്തവർക്കെതിരെ ഭരണകൂടം ഒത്താശയോടെ നടത്തുന്ന പീഢനത്തിന് ഇനിയും അറുതി വന്നിട്ടില്ല. ക്രൈസ്തവ സഭയെ സംബന്ധിച്ചിടത്തോളം ഇത് പുത്തരിയല്ല. പിറന്നുവീണ നാൾ മുതൽ ഇന്നയോളം അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ഇനിയും അത് തുടരുകയും ചെയ്യും. യഹൂദാ മതവും, അന്നത്തെ ഭരണകൂടവും ആദിമ സഭയ്ക്ക് നേരേ അഴിച്ചുവിട്ട പീഢന പരമ്പര നൂറ്റാണ്ടുകൾ തുടർന്നു. സഭ അതൊക്കെ തരണം ചെയ്ത് നൂറ്റാണ്ടുകളായി അതിന്റെ ജൈത്ര യാത്ര തുടരുകയാണ്. ക്രിസ്തുവിന്റെ വരുവോളം ഈ യാത്ര തുടരുക തന്നെ ചെയ്യും. ഏതാണ്ട് പതിനാറ് കോടിയിലധികം ക്രൈസ്തവരാണ് ക്രിസ്തുവിനുവേണ്ടി ധീര രക്തസാക്ഷികളായിട്ടുള്ളത്. ചോരപ്പുഴകൾ നീന്തിക്കയറിയും, തൂക്കുമരങ്ങളിൽ ഊഞ്ഞാലാടിയും ഒക്കെയാണ് ക്രൈസ്തവ സഭ ഇതുവരെ എത്തിയിട്ടുള്ളത്. പതിറ്റാണ്ടുകൾ കാരാഗൃഹവാസം അനുഭവിച്ചിട്ടുള്ള ക്രിസ്തു ഭക്തരുണ്ട്. അവരൊക്കെ ഇരുകൈയ്യും നീട്ടിയാണ് പീഢനത്തെ വരിച്ചത്.

ബൈബിൾ പറയുന്നത്, 'ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും'. (1 പത്രോസ് 4:13) കഷ്ടത ക്രിസ്ത്യാനിയുടെ അവകാശമാണ്. യേശു പറഞ്ഞു, 'എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിൻമകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ; നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്. (മത്തായി 5:1012) ബൈബിൾ പഠിപ്പിക്കുന്നത് ഇങ്ങനെയാണെങ്കിലും; ക്രൈസ്തവരെ ഉപദ്രവിച്ചാൽ ദൈവം പീഢകരോട് പ്രതികാരം ചെയ്യും എന്ന തരത്തിൽ ചില വീഡിയോകൾ പ്രചരിച്ച് കണ്ടു. ഒറീസ്സയിൽ ക്രൈസ്തവരെ പീഡിപ്പിച്ചപ്പോൾ; കണ്ഡമാലിൽ അരിക്കൊമ്പൻ ഇറങ്ങിയെന്നും, പേപ്പട്ടി ഇറങ്ങി ക്രിസ്തു വിരോധികളെ മാത്രം കടിച്ചു എന്നും ക്രൈസ്തവരെ പീഢിപ്പിക്കുന്നവരെ ദൈവം ശിക്ഷിക്കും എന്നൊക്കെയാണ് ആ വീഡിയോയുടെ ഉള്ളടക്കം.

'ദുഷ്ടൻമരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗത്തിൽ നിന്ന് പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം.' (യെഹസ്ക്കിയേൽ 33:11) എന്നാണ് ദൈവം പറയുന്നത്. ക്രിസ്ത്യാനികൾ നിരായുധരാണ്. വാൾ എടുത്ത ക്രിസ്തു ശിഷ്യനോട് വാൾ ഉറയിൽ ഇടാനാണ് യേശു പറഞ്ഞത്. ഉപദ്രവത്തിനു പകരം വീട്ടാൻ അവിടുന്ന് പറഞ്ഞിട്ടില്ല. മറിച്ച് ശത്രുക്കളെ സ്നേഹിക്കാനാണ് ഗുരു പഠിപ്പിച്ചത്. വസ്തുതകൾ ഇങ്ങനെ ആയിരിക്കെ, ക്രിസ്ത്യാനികളെ പീഢിപ്പിച്ചാൽ, അരിക്കൊമ്പൻ ഇറങ്ങുമെന്നും, ബാഹുബലി ഇറങ്ങുമെന്നും ഒക്കെ പ്രചരിപ്പിക്കുന്നത് ക്രൈസ്തവമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.



സജി വർഗീസ്
മണിയാർ

Editorial board

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

# ചർച്ച് ഓഫ് ഗോഡ് സമ്മേളനം: ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക്

ഷാജി വെണ്ണിക്കുളം

അറ്റ്ലാന്റ്: ജൂലൈ 13 മുതൽ 16 വരെ അറ്റ്ലാന്റ സിറ്റിയുടെ വടക്കൻ പ്രദേശമാ യ ഡുലൂത്തിലുള്ള ഗ്വിന്നറ്റ് എറീന കൺവൻഷൻ സെന്റർ, നോർത്ത് അമേരി ക്കൻ ദൈവസഭകളുടെ 26 മത് സമ്മേളനത്തെ വരവേൽക്കാനായി ഒരുങ്ങി കഴിഞ്ഞു. ആഡംബര നിലയിലുള്ള താമസ സൗകര്യങ്ങൾ, എല്ലാ ദിവസവും രുചിയേറിയ നാടൻ ഭക്ഷണങ്ങൾ എന്നിവ കൂടാതെ വചന പാണ്ഡിത്യമുള്ള പ്രഗത്ഭരായ പ്രസംഗകർ, അനുഗ്രഹീതരായ ഗാനശുശ്രൂഷകർ അങ്ങനെ എല്ലാം കൊണ്ടും സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലെത്തിയതായി പ്രസിഡന്റ് റവ. ഷിബു തോമസ് അറിയിച്ചു.

ഡോ. മാർക്ക് റട്ട്ലൻഡ്, ഡോ. മൈക്കിൾ ബേക്കർ, റവ ടോം മാഡൻ, റവ. ബെനിസൺ മത്തായി, റവ. സി.സി. തോമസ്, റവ. സാബു വർഗീസ്, റവ. ജയ്സ് പാണ്ടനാട്, റവ. റജി ശാസ്താംകോട്ട എന്നിവരാണ് പ്രധാന പ്രസംഗകർ. ലോഡ്സൺ ആന്റണി, മേരി ആൻ ജോർജ് എന്നിവർ ആരാധന കൾക്ക് നേതൃത്വം കൊടുക്കും. പ്രായമുള്ളവർ ക്കും യുവജനങ്ങൾക്കും കൊച്ചു കുട്ടികൾക്കും പ്രത്യേകം മീറ്റിങ്ങുകൾ ക്രമീകരിച്ചിട്ടുണ്ട്. യുവ ജനങ്ങളുടെ മീറ്റിംഗിൽ റവ. മോ ഹഗ്ഗിൻസ് ദൈ വവചനം ശുശ്രൂഷിക്കും.കൂടാതെ സഹോദരി സമ്മേളനത്തിൽ സിസ്റ്റർ അനിത സതീഷ് വച നം ശുശ്രൂഷിക്കും.

റവ.ഡോ. ഷിബു തോമസ് (പ്രസിഡന്റ്), ഫിന്നി വർഗീസ് (വൈസ് പ്രസിഡന്റ്), എബി ജോയ് (സെക്രട്ടറി), ജോഷ്വ ജോസഫ് (ട്രഷറാർ), റവ. സിബി തോമസ് (യൂത്ത് ) എന്നിവർ നേതൃത്വം കൊടുക്കുന്ന സമ്മേള നത്തിൽ റവ. എബ്രഹാം തോമസ് (കൺവീനർ),റവ. ബൈജു തേവതേരിൽ (കോ ർഡിനേറ്റർ), ജോൺസ് എബ്രഹാം (സെക്രട്ടറി), ഫിലിപ്പ് ഉമ്മൻ ( ട്രഷറാർ), ലിജിൽ എബ്രഹാം (താമസം), മോൻസി ശാമുവേൽ (രജിസ്ട്രേഷൻ), സുനിൽ ശാമുവേൽ (ഭക്ഷണം), ഷാജി വെണ്ണിക്കുളം (മീഡിയ) എന്നിവരാണ് ലോക്കൽ ഭാരവാഹിക ളായി പ്രവർത്തിക്കുന്നവർ. സഹോദരി സമ്മേളനത്തിനായി ഷീല തോമസ് (പ്രസിഡന്റ്), ദീനാ ഡാനിയേൽ (വൈസ് പ്രസിഡന്റ്), മോളി ഐപ്പ് (സെക്രട്ടറി), ഫേബ ജോയ് (ട്രഷറാർ), അമ്മിണി മാത്യു, മിനി ഇടുക്കള (പ്രതിനിധികൾ) എന്നിവരും പ്രവർത്തിക്കുന്നു. 'ദൈവമുമ്പാകെ നിൽപ്പനായി നാം പ്രാപ്തരാകുക'(ലൂക്കോസ് 21:36) എന്നതാണ് സമ്മേളനത്തിന്റെ ചിന്താവിഷയം.


# പെരിന്തൽമണ്ണ ഐപിസി സെന്ററിനു പുതിയ ഭാരവാഹികൾ




പെരിന്തൽമണ്ണ : ഐപിസി പെരിന്തൽമണ്ണ സെന്ററിന്റെ 2023 24 കാലയളവിലെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.പാസ്റ്റർ ബിജോയ് കുര്യാക്കോസ് (പ്രസിഡന്റ്), പാസ്റ്റർ തോമസ്കുട്ടി (വൈസ് പ്രസിഡന്റ്), പാസ്റ്റർ റൊണാൾഡ് റോയ് (സെക്രട്ടറി), പാസ്റ്റർ ഇ.എ തോമസ്, രാജേഷ് (ജോയിൻ സെക്രട്ടറിമാർ), ബ്രദർ റോയി ജോർജ് ( ട്രഷറർ), വിജേഷ് രാജ് (പബ്ലിസിറ്റി കൺവീനർ) എന്നിവരെയും ഇവാ. സുനിൽ ബി. (PYPA പ്രസിഡന്റ് ), പാസ്റ്റർ അനീഷ് തോമസ് (സൺഡേസ്കൂൾ സൂപ്രണ്ട്),റെജി ഒ.സി (പ്രയർകൺവീനർ), പാസ്റ്റർ സന്തോഷ് കുമാർ ടി.എൽ (ഇവാഞ്ചലിസം ബോർഡ്) എന്നിവരെയും കമ്മിറ്റി അംഗങ്ങളായി ജോസഫ് വി.പി (തേലേക്കാട്), ജോസഫ് ഉലഹന്നാൻ (വട്ടമ്പലം), തമ്പി (പെരിന്തൽമണ്ണ, മണി (പട്ടാമ്പി) എന്നിവർ ഉൾപ്പെടുന്ന 15 അംഗ കമ്മിറ്റിയെ തിരഞ്ഞെടുത്തു. നിലവിലെ(2004) ഭരണഘടന അനുസരിച്ചാണ് തെരെഞ്ഞെടുപ്പ് നടന്നത്.

## നിത്യതയിൽ

### പാസ്റ്റർ രാജൻ ജോണിന്റെ മാതാവ് അച്ചാമ്മ ജോൺ നിത്യതയിൽ



കൊല്ലം: ആയൂർ. ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ മാർത്താണ്ഡംകര സഭാ ശുശ്രൂഷകനും ആയൂർ വാർപ്പുപുരയിൽ എബൈനെസർ കുടുംബാംഗവുമായ പാസ്റ്റർ രാജൻ ജോണിന്റെ മാതാവ് അച്ചാമ്മ ജോൺ (അമ്മുക്കുട്ടി 91) നിത്യതയിൽ ചേർക്കപ്പെട്ടു.
സംസ്കാരം ഇന്ന് രാവിലെ.9 മണിക്ക് ഭവനത്തിലെ ശുശ്രൂഷകൾക്കു ശേഷം 11 മണിക്ക് ആയൂർ സെന്റ് മേരിസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ കുടുംബ കല്ലറയിൽ നടത്തി. പരേത ആയൂർ വാർപുരിയിൽ ദേവഗിരി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എബ്രഹാം ജോൺ. മറ്റു മക്കൾ, അലക്സാണ്ടർ ജോൺ (ദുബായ് )ലൗലി ഷിബു (മണ്ണൂർ ) മരുമക്കൾ : ലിസി രാജൻ, ജുനി അലക്സാണ്ടർ, ഷിബു ലൂക്കോസ്.



അടൂർ :ഗിഫ്റ്റി സാം (20) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അടൂർ പെരിങ്ങനാട് ചന്തമുക്ക് കുണ്ടു വയലിൽ സാംകുട്ടിയുടെയും സുനിയുടെയും ഏകമകൾ ഗിഫ്റ്റി സാം ബി.എസ്.സി.physics ൽ വിജയം നേടി. തുടർന്ന് ട്യൂഷൻ സെന്ററിൽ പഠിപ്പിച്ച് കൊണ്ടിരിക്കെ തളർച്ചപ്പോലെ വന്ന് ഹോസ്പിറ്റലിലേക്ക് പോകും വഴിയാണ് മരണപ്പെട്ടത്. സംസ്കാരം ഇന്ന് നടന്നു :പിതാവ് സാംകുട്ടി മാതാവ് സുനി സാം. ദു:ഖത്തിൽ ആയിരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.



# കയ്പ് നിറഞ്ഞ രാത്രി

ബ്ലസിൻ ജോൺ മലയിൽ

കഴിഞ്ഞ ലക്കം തുടർച്ച

കാരാഗ്രഹത്തിൽ കഴിയുന്ന ജോസേഫ് കഴിഞ്ഞു പോയ നിമിഷങ്ങളെ കുറിച്ചൊന്ന് ചിന്തിച്ചു. ഒരു ഘട്ടത്തിൽ പൊട്ടക്കിണറിൽ ജീവിതം അവസാനിച്ചുവെന്ന് കരുതിയതാണ്. ചുറ്റും പരക്കുന്ന അന്ധകാരം.അത് ജീവിതത്തെ കാർന്നു തിന്നുകയാണ്. നിരാശയുടെ അഗാധ ഗർത്തമാണിത്.

ഇനി ഭാവിയെക്കുറിച്ച് ഒന്നും ചിന്തിക്കേണ്ടയെന്ന് കരുതിയപ്പോഴാണ് അവിടെനിന്ന് എങ്ങനെയോ രക്ഷപ്പെട്ടത്.സഹോദരങ്ങളുടെ അട്ടഹാസങ്ങൾക്കിടയിലും താല്ക്കാലിക ആശ്വാസം എന്ന ചിന്തിച്ചപ്പോളിതാ വീണ്ടും ജീവിതത്തിലേക്ക് കടന്നുവരുന്നു പ്രതിസന്ധികളുടെ ഘോഷയാത്ര.. അടിമചന്ത, പൊത്തിഫെറിന്റെ ഭവനം, അയാളുടെ ദുഷ്ടയായ ഭാര്യ, ഇപ്പോളിതാ ഈ കാരാഗ്രഹത്തിലും... ചെയ്യാത്ത തെറ്റിനാണല്ലോ ദൈവമേ ഞാൻ ഈ ശിക്ഷയെല്ലാം ഏറ്റുവാങ്ങുന്നത്?
ഒരു നിമിഷം ജോസഫ് തേങ്ങി. പ്രതിസന്ധികളുടെ, നിരാശയുടെ ,വേദനയുടെ പിന്നിട്ട രാത്രികൾ? മുമ്പിലോ പ്രതീക്ഷക്ക് യാതൊരു സ്ഥാനവുമില്ല.
ഇന്ന് ഇത്തരത്തിൽ ഒരു അവസ്ഥയിലാണോ നിങ്ങളും? എങ്കിൽ ശ്രദ്ധിക്കുക: പുറത്ത് ഫറവോൻ നിങ്ങൾക്കായി അയച്ച പ്രതീക്ഷയുടെ കുതിര കുളമ്പടികൾ കേൾക്കുന്നില്ലേ ? തീർച്ചയായും അത് അടുത്തെത്തിക്കഴിഞ്ഞു. കാരാഗ്രഹത്തിൽ നിന്ന് യോസഫ് നേരെ പോയത് കൊട്ടാരത്തിലെക്കാണ്. ദൈവം ഇന്ന് നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നത് അനുഗ്രഹത്തിന്റെ നിലയ്ക്കാത്ത കലവറയാണ്. ഇന്ന് ജോസഫ് ആർക്കും വേണ്ടാത്ത ഒരു ജയിൽപ്പുള്ളിയല്ല ; മറിച്ച് അവനെ മുറിവേൽപിച്ച, തകർത്തെറിഞ്ഞ ആ നാടിന്റെ പ്രധാനമന്ത്രിയാണ്. കുറ്റപ്പെടുത്താനാരുമില്ല; മറിച്ച് കൽപ്പന സ്വീകരിക്കാനായി കാത്തിരിക്കുകയാണ് ജനം.

സഹോദരാ... മറക്കാതിരിക്കുക അപ്പക്കാരുടെ പ്രമാണി നിന്നെ മറന്നാലും ദൈവത്തിന് നിങ്ങളെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അതിന്റെ മുന്നോടി മാത്രമാണ് ഇന്നത്തെ പരിശോധനകൾ .. പരീക്ഷകൾ.. പ്രതിസന്ധികൾ...
ഇതാ നിരാശ നിറഞ്ഞ മനസും ഒഴിഞ്ഞപടകും കരയ്ക്ക് എറിഞ്ഞ വലയുമായി നിൽക്കുകയാണ് ഇവിടെ ഈ മുക്കുവൻപത്രോസ്.അയാൾ ഇതുവരെ പഠിച്ചതും ചെയ്തതും എല്ലാം ഒരു വേള അയാളെ നോക്കി പല്ലിളിച്ചു കാണിക്കുമ്പോലെ... നിരാശയുടെ നീർക്കയത്തിൽ... ആ രാത്രിയിൽ...!! തകർന്നും നുറങ്ങിയും നിൽക്കുന്ന ഒരു മനുഷ്യൻ!

(അവസാനിച്ചു)

# പെർസിക്യൂഷൻ റിലീഫ്

പെർസിക്യൂഷൻ റിലീഫ് ഭാരതത്തിലെ പീഡിപ്പിക്കപ്പെടുന്ന ദൈവസഭയ്ക്ക് സമഗ്രമായ പിന്തുണ നൽകുന്നതിനുള്ള ഒരു ഇന്റർഡിനോമിനേഷൻ സംരംഭമാണ്.

പെർസിക്യൂഷൻ റിലീഫ് 2102 സഹോദരിമാരെ ദൈവം അവർക്ക് നൽകിയ ജില്ലയെ സംരക്ഷിക്കാനായി ഭാരതത്തിന്റെ 781 ജില്ലകളിലായി (ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും 9 കേന്ദ്രഭരണ പ്രദേശങ്ങളുമുണ്ട്) കാവൽക്കാരായി നിയമിച്ചിട്ടുണ്ട്.

കേരളം 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന യാഥാർഥ്യത്തിലേക്ക് കൊണ്ട് വരാൻ കേരളത്തിന്റെ 14 ജില്ലകളിൽ കാവൽക്കാരായി ഉത്തരവാദിത്വമെടുക്കാൻ കഴിയുന്ന കൂടുതൽ സഹോദരിമാരെ ഇനിയും ഞങ്ങൾക്കു ആവശ്യമുണ്ട്.

കേരളത്തിലെ നിങ്ങളുടെ ജില്ലയുടെ കാവൽക്കാരനായി നിൽക്കാൻ ആത്മാവിലെ നിയോഗവും ഭാരവുമുണ്ടെങ്കിൽ, നിങ്ങൾ പ്രാർത്ഥന യോദ്ധാവായ ഒരു സഹോദരി ആണെങ്കിൽ, ദയവായി +91 9993200020 എന്ന വാട്സാപ്പ് നമ്പറിൽ നിങ്ങളുടെ പേരും നിങ്ങൾ താമസിക്കുന്ന ജില്ലയുടെ പേരും ഫോൺ നമ്പറും എത്രയും വേഗം അയച്ചു തരിക.

കേരളത്തിലെ 14 ജില്ലകളുടെ പേര് ചുവടെ ചേർക്കുന്നു:
ആലപ്പുഴ, എറണാകുളം, കോഴിക്കോട്, പാലക്കാട്, കൊല്ലം, കണ്ണൂർ, കാസർകോട്, ഇടുക്കി, കോട്ടയം, തൃശൂർ, പത്തനംതിട്ട, മലപ്പുറം, വയനാട്, തിരുവനന്തപുരം.

പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾക്കുള്ള ഹെൽപ് ലൈൻ :1800 1234461

# ഏകദിന കൂട്ടായ്മ ജൂലൈ 17ന്

പത്തനാപുരം: മസ്കറ്റ് ക്രിസ്ത്യൻ ഫെയ്ത്ത് അസംബ്ലിയുടെ ആഭിമുഖ്യത്തിൽ എക്സ്. സി.എഫ്. എയുടെ നാലാമത് വാർഷിക കൂട്ടായ്മയും ടാലന്റ് പ്രോഗ്രാമും ജൂലൈ 17ന് രാവിലെ 9:30 മുതൽ വൈകിട്ട് 4 വരെ പത്തനാപുരം പ്ലാസ കൺവെൻഷൻ സെന്ററിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ ബിനോയ് തോമസ് ഉദ്ഘാടനം ചെയ്യും. ചർച്ച് ഓഫ് ഗോഡ് ഓൾ ഇന്ത്യ ഗവേണിംഗ് ബോഡി മെമ്പർ പാസ്റ്റർ വി.പി.തോമസ് പ്രസംഗിക്കും. ഉച്ചകഴിഞ്ഞ് ടാലന്റ് പ്രോഗ്രാം നടക്കും.
വിവരങ്ങൾക്ക് : 80782 59607, 91880 10429.

# ഹോളിസ്പിരിറ്റ് എൻകൗണ്ടർ

പോർട്ടഡൗൺ : ആഡോണായി റിവൈവൽ ചർച്ച് ഹൗസ് ഓഫ് പ്രയർ, കഅഏഡഡഗ, നോർത്തേൺ അയർലണ്ട് ആഭിമുഖ്യത്തിൽ 'ഹോളിസ്പിരിറ്റ് എൻകൗണ്ടർ' കൂട്ടായ്മ പോർട്ടഡൗണിൽ ഓഗസ്റ്റ് 5ന് നടക്കും. പാസ്റ്റർ റെയ്സൺ തോമസ് പ്രസംഗിക്കും. പാസ്റ്റർ ഡെന്നി ജോൺ സംഗീത ശുശ്രൂഷകൾ നയിക്കും. ആഡോണായി റിവൈവൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ ബ്ലെസ്സൻ മാത്യു ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.




# ക്രിസ്ത്യൻ ലൈവ് ഭക്തസ്മരണ മ്യൂസിക് നൈറ്റ് നാളെ ഫുജൈറയിൽ

ഫുജൈറ: ക്രിസ്ത്യൻ ലൈവിന്റെ മിഡിൽ ഈസ്റ്റ് ലോഞ്ചിംഗിനോടനുബന്ധിച്ച് നടത്തുന്ന രണ്ടാമത് ഭക്തസ്മരണ മ്യൂസിക് നൈറ്റിന് വേദിയാകാൻ ഫുജൈറ ഒരുങ്ങി.

നാളെ വൈകിട്ട് 7.30 ന് ഫുജൈറ അൽ ഹെയ്ൽ ന്യൂ ടെസ്റ്റ്മെന്റ് ചർച്ച് ഹാൾ നമ്പർ 6 ൽ നടക്കുന്ന സംഗീത നിശയിൽ സുവി. ഭക്തവത്സലന്റെ മക്കളായ ബിനി, ബെഞ്ചി എന്നിവരെ കൂടാതെ ലാലു പാമ്പാടി, കെ പി രാജൻ തുടങ്ങി കേരളത്തിനകത്തും പുറത്തുമുള്ള ഒട്ടേറെ ഗായകർ പങ്കെടുക്കും. ബ്രദർ ബിനോയി കുര്യൻ നേതൃത്വം കൊടുക്കും. ഇവാ. ടോണി ചെവ്വുക്കാരൻ സുവി. ഭക്തവത്സലൻ തയ്യാറാക്കിയ ഓരോ ഗാനത്തിന്റെയും പശ്ചാത്തലം സമൂഹത്തിന് പരിചയപ്പെടുത്തും.

പാസ്റ്റർ എം വി സൈമൺ പ്രസിഡണ്ടായും ബ്രദർ ലിൻസൺ സി ജോസഫ് സെക്രട്ടറിയായും ബ്രദർ ലാലു പോൾ ട്രഷററായും പ്രവർത്തിക്കുന്ന കമ്മിറ്റിയാണ് ഫുജൈറയിലെ ക്രിസ്ത്യൻ ലൈവ് ഭക്ത സ്മരണ സംഗീത സന്ധ്യക്ക് നേതൃത്വം കൊടുക്കുന്നത്.

ക്രിസ്ത്യൻ ലൈവ് ചെയർമാൻ അജി ജോർജ് , ഡയറക്ടർ ബ്രദർ ബ്ലസിൻ ജോൺ മലയിൽ, മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ സന്തോഷ് അറക്കൽ ഈപ്പൻ, മാനേജിംഗ് കമ്മിറ്റിയംഗം പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ എന്നിവരുടെ നേതൃത്വത്തിലാണ് ഭക്തസ്മരണ പ്രോഗ്രാം വിവിധ എമിറേറ്റ്സുകളിൽ നടക്കുന്നത്.

## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്

Remarriage,Born Again Syrian Christian
Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

# വ്യാജ ആരോപണങ്ങളുമായി മിഷനറിമാരെ അറസ്റ്റ് ചെയ്യുന്നു

മനില : കമ്മ്യൂണിസ്റ്റുകാരുടെ സഹായികൾ എന്ന് മുദ്രകുത്തി ഫിലിപ്പീൻസിൽ മിഷനറിമാരെയും സന്യാസിനികളെയും അത്മായരെയും അറസ്റ്റ് ചെയ്യുന്ന പ്രവണത തുടരുന്നു. കഴിഞ്ഞ ദിവസം തീവ്രവാദത്തിന് ധനസഹായം നൽകി എന്ന കുറ്റം ചുമത്തി സുൽത്താൻ കുദാരത്ത് പ്രവിശ്യയിലെ പൊലീസ്, 'ഫിലിപ്പൈൻസിലെ റൂറൽ മിഷനറീസ് ' എന്ന സംഘടനയുടെ ഓപ്പറേറ്ററായ ഐലീൻ മണിപോൾ വില്ലറോസയെ അറസ്റ്റ് ചെയ്തു.

കർഷകർ, മത്സ്യത്തൊഴിലാളികൾ, തദ്ദേശവാസികൾ എന്നിവർക്കിടയിൽ അജപാലന തൊഴിലാളികളായി പ്രവർത്തിക്കുന്ന മതപുരോഹിതർ, സാധാരണക്കാർ എന്നിവരെ ഒരുമിച്ചു കൊണ്ടുവരുന്ന ഒരു ദേശീയ ക്രിസ്ത്യൻ, അന്തർമത, ഇന്റർഡയോസിസൻ സംഘടനയാണ് റൂറൽ മിഷനറീസ് ഓഫ് ഫിലിപ്പീൻസ് (ഞങ്ങജ). 1969ൽ സ്ഥാപിതമായ ഈ സംഘടന ഫിലിപ്പീൻസിലെ മത മേലധികാരികളുടെ അസോസിയേഷന്റെ പങ്കാളിത്വത്തോടെയാണ് നടത്തപ്പെടുന്നത്.

തീവ്രവാദത്തിന് ധനസഹായം നൽകിയെന്ന് ആരോപിച്ച് അഞ്ച് സ്ത്രീകൾ ഉൾപ്പെടെയുള്ള മിഷനറിമാർ, ഭരണകൂടവുമായി ഏറ്റുമുട്ടുന്ന കമ്മ്യൂണിസ്റ്റ് പ്രചോദിത സായുധ ഗ്രൂപ്പായ ന്യൂ പീപ്പിൾസ് ആർമിക്ക് ഫണ്ട് കൈമാറിയതായി ആരോപിക്കപ്പെടുന്നു.

കൂടാതെ, 2022 നവംബറിൽ, 'യുണൈറ്റഡ് ചർച്ച് ഓഫ് ക്രൈസ്റ്റ് ഇൻ ദി ഫിലിപ്പീൻസിലെ വൈദികനായ റവ. എഡ്വിൻ എഗാർ അറസ്റ്റ് ചെയ്യപ്പെട്ടു. തീവ്രവാദത്തെ പിന്തുണച്ചു എന്ന് ആരോപിച്ച് ട്രേഡ് യൂണിയനിസ്റ്റുകളും തൊഴിലാളികളും ഉൾപ്പെടെ മറ്റ് 71 പേർക്കെതിരെയും കുറ്റം ചുമത്തി. എന്നാൽ ഇവർ സഭയുമായി ചേർന്നുള്ള സന്നദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതല്ലാതെ മറ്റൊരു കുറ്റവും ചെയ്തിട്ടില്ല. സർക്കാരിനെ എതിർക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തി ക്രൈസ്തവരെ പീഡിപ്പിക്കുന്ന തന്ത്രത്തിന്റെ ഭാഗമാണ് ഇത്തരം പ്രവർത്തനങ്ങളെന്ന് വിശ്വാസികൾ ചൂണ്ടിക്കാണിക്കുന്നു.

# തൃശ്ശൂരിൽ ഭൂചലനം

തൃശ്ശൂർ: തൃശ്ശൂരിൽ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെട്ട നേരിയ ഭൂചലനത്തിൽ നാട്ടുകാർ പരിഭ്രാന്തിയിൽ. ഭൂമിക്കടിയിൽ നിന്ന് മുഴക്കവും നേരിയ ഭൂചലനവും അനുഭവപ്പെട്ടെന്നാണ് നാട്ടുകാർ പറയുന്നത്. തൃശൂർ, കല്ലൂർ, ആമ്പല്ലൂർ ഭാഗങ്ങളിലാണ് പ്രകമ്പനം ഉണ്ടായത്. എന്നാൽ ആശങ്കപ്പെടാൻ ഒന്നുമില്ലെന്നും ജനങ്ങൾക്കിടയിൽ പരിഭ്രാന്തി പരത്തരുതെന്നും ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ ആവശ്യപ്പെട്ടു.

രാവിലെ ഏഴിനും എട്ടിനും ഇടയിലാണ് ഭൂചലനം അനുഭവപ്പെട്ടത്. ഭൂചലനം രണ്ട് സെക്കൻഡ് മാത്രമാണ് നീണ്ടുനിന്നത്. ഭൂചലനം അനുഭവപ്പെട്ട കാര്യം റവന്യൂമന്ത്രി അടക്കം ബന്ധപ്പെട്ട അധികൃതരെ അറിയിച്ചിട്ടുണ്ടെന്നും ജില്ലാ കലക്ടർ അറിയിച്ചു. റിക്ടർ സ്കെയിലിൽ മൂന്നിൽ താഴെ തീവ്രത വരുന്ന ചലനമാണ് പ്രദേശത്ത് അനുഭവപ്പെട്ടത്. അതുകൊണ്ടാണ് നാഷണൽ സെന്റർ ഫോർ സീസ്മോളജിക്ക് ഭൂചലനം രേഖപ്പെടുത്താൻ കഴിയാതെ വന്നത്. അതിനാൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ജില്ലാ കലക്ടർ പറഞ്ഞു. ഭൂചലനം അനുഭവപ്പെട്ട സ്ഥലങ്ങളിൽ വരും ദിനങ്ങളിൽ നിരീക്ഷണം ഏർപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. നാല് വർഷം മുൻപും സമാനമായ രീതിയിൽ തൃശ്ശൂരിലും പരിസര പ്രദേശങ്ങളിലും ഭൂചലനം അനുഭവപ്പെട്ടിരുന്നു. തൃശ്ശൂർ, ഒല്ലൂർ, ലാല്ലൂർ, കണ്ണൻകുളങ്ങര, കൂർക്കഞ്ചേരി അടക്കമുള്ള പ്രദേശങ്ങളിലാണ് രാത്രിയിൽ ഭൂചലനം അനുഭവപ്പെട്ടത്.

## ഇന്ത്യൻ ബ്രദറൻ: 8–ാമത് കോൺഫ്രൻസ്

യു കെ: ഇന്ത്യൻ ബ്രദറൻ സഭയുടെ ആഭിമുഖ്യത്തിൽ 8 മത് കോൺഫ്രൻസ് ആഗസ്റ്റ് 25 വെള്ളിയാഴ്ച മുതൽ 27 ഞായറാഴ്ച വരെ യു കെയിലെ സ്റ്റാഫഫോർട് ബികോൺസൈഡ് കോൺഫ്രൻസ് സെന്ററിൽ വെച്ച് നടക്കും. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് (കേരളം), ജെർമി ഗിബ്സൺ (ഇംഗ്ലണ്ട്) എന്നിവർ പ്രസംഗിക്കും.

# സംസ്ഥാനത്ത് അതിതീവ്രമഴ; റെഡ് അലർട്ട് പ്രഖ്യാപിച്ചു



തിരുവനന്തപുരം: സംസ്ഥാനത്ത് അതിതീവ്ര മഴ ലഭിക്കുമെന്ന് കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ്. കടുത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ഇവിടെ ഒറ്റപ്പെട്ടയിടങ്ങളിൽ അതി തീവ്രമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ യെലോ അലർട്ട് തുടരും.

നാളെ ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഇവിടെ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ യെലോ അലർട്ട് പ്രഖ്യാപിച്ചു. വെള്ളിയാഴ്ച മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലും ശനിയാഴ്ച കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലും യെലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

# ഭരണകൂടം പുറത്താക്കിയ കന്യാസ്ത്രീകളുടെ മഠം കണ്ടുകെട്ടി

മനാഗ്വ : ക്രൈസ്തവ സഭക്കെതിരായ പുതിയ ആക്രമണത്തിൽ, നിക്കരാഗ്വയിലെ ഡാനിയൽ ഒർട്ടേഗ ഒരു സന്യാസ ആശ്രമം കൂടെ കണ്ടുകെട്ടി. സിസ്റ്റേഴ്സ് ഓഫ് ദി പുവർ ഫ്രറ്റേണിറ്റി ഓഫ് ജീസസ് ക്രൈസ്റ്റ് സന്യാസ സമൂഹത്തിന്റെ ആശ്രമമാണ് അധികാരികൾ സർക്കാരിലേക്ക് കണ്ടുകെട്ടിയത്. ഈ സന്യാസിനികളെ കഴിഞ്ഞ ദിവസം ബലപ്രയോഗത്തിലൂടെ പുറത്താക്കിയിരുന്നു. കന്യാസ്ത്രീകളുടെ മഠത്തിൽ പോലീസ് അതിക്രമിച്ചു കയറുകയും അവരെ പുറത്താക്കുകയും ചെയ്തു. അവിടെ നിന്നും ഈ സഹോദരിമാർ എൽ സാൽവദോറിലേക്കു പോയി.

നിക്കരാഗ്വൻ മീഡിയ ഔട്ട്ലറ്റ്ലെറ്റ് ആർട്ടിക്കിൾ 66 അനുസരിച്ച്, ആഭ്യന്തര മന്ത്രാലയം മുഖേന ഭരണകൂടം, ജൂലൈ 4ന് ചൊവ്വാഴ്ച ആശ്രമം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചു. 2021 ഫെബ്രുവരി മുതൽ ഡയറക്ടർ ബോർഡ് അതിന്റെ ബാധ്യതകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടു എന്ന കാരണം ചൂണ്ടിക്കാട്ടിയാണ് ഈ മഠം സർക്കാരിലേക്ക് കണ്ടുകെട്ടിയത്. ഇതേ തുടർന്ന് കോൺവെന്റ് ഉൾപ്പെടെയുള്ള സഭയുടെ ആസ്തികൾ സംസ്ഥാനത്തിന്റെ പേരിലേക്ക് മാറ്റുന്നത് ഇപ്പോൾ അറ്റോർണി ജനറലിന്റെ ഓഫീസിന്റെ ഉത്തരവാദിത്വമാണെന്ന് മന്ത്രാലയം സൂചിപ്പിച്ചു.

# മതപരിവർത്തനം ആരോപിച്ച് കനേഡിയൻ മിഷനറിയെ അറസ്റ്റ് ചെയ്തു

ഒഡിഷ : പ്രായപൂർത്തിയാകാത്ത 11 ഹിന്ദു കുട്ടികളെ ഒരു കനേഡിയൻ മിഷിനറി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയതായി ആരോപണം. കനേഡിയൻ പൗരനായ ഈപൻ മോഹൻ കിടംഗലിൽ എന്ന മിഷനറിയും ടിർട്ടോളിൽ നിന്നുള്ള മറ്റ് രണ്ട് മിഷനറിമാരും ചേർന്ന് നടത്തിയ പ്രാർത്ഥനയിൽ പ്രായപൂർത്തിയാകാത്ത കുട്ടികളെ മതപരിവർത്തനം ചെയ്തതായി ജഗത്സിംഗ്പൂരിലെ കലക്ടറും ജില്ലാ മജിസ്ട്രേറ്റുമായ ഐഎഎസ് പരുൾ പട്‌വാരിക്ക് അയച്ച കത്തിൽ എൻസിപിസിആർ വാദിക്കുന്നു.

സംഭവങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും ആവശ്യമായ നടപടി സ്വീകരിക്കാനും കമ്മീഷൻ അറിയിച്ചു. കുറ്റക്കാർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 3 ദിവസത്തിനുള്ളിൽ കുട്ടികളുടെ വിശദാംശങ്ങളും മറ്റ് പ്രസക്ത രേഖകളും കമ്മീഷനിൽ സമർപ്പിക്കണം, എൻസിപിസിആർ ആവശ്യപ്പെട്ടു. ഈപ്പൻ മോഹൻ കിടങ്ങലിൽ എന്ന കനേഡിയൻ പൗരനെതിരെ ഒഡീഷ പോലീസ് എഫ്ഐആർ ഫയൽ ചെയ്തു. വിശ്വഹിന്ദു പരിഷത്ത് അംഗങ്ങൾ എത്തി പ്രതിയെ പിടികൂടുകയും തുടർന്ന് പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യുകയും ആയിരുന്നു. 1967ലെ ഒഡീഷ ഫ്രീഡം ഓഫ് റിലീജിയൻ ആക്ടിന്റെ സെക്ഷൻ 4 പ്രകാരമാണ് കുറ്റാരോപിതനായ മിഷ്ണറിക്കെതിരേ കേസെടുത്തിരിക്കുന്നത്. ബൈബിളും ടൂറിസ്റ്റ് വിസയും പണവും ചില മരുന്നുകളും പോലീസ് പിടിച്ചെടുത്തു.

മതപരിവർത്തന ശ്രമത്തെ കുറിച്ച് ചോദിച്ചപ്പോൾ അത്തരം തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് പോലീസ് അറിയിച്ചു. സംഭവത്തിൽ പ്രദേശത്തെ ഗോത്രവർഗക്കാരെയും ചോദ്യം ചെയ്തുവരികയാണ്. തെളിവുകൾ ലഭിച്ചാലുടൻ പ്രതികളെ പിടികൂടി തുടർനടപടി സ്വീകരിക്കും. നിലവിൽ വിദേശ മിഷനറിയെ വിട്ടയച്ചു.


CHRISTIANLIVE
CHRISTIAN LIVE.IN
Presents
Bhakta Smarana
2023 JULY
06
THURSDAY
07:30PM
FUJAIRAH
New Testament Church,
Hall No 6,Al Hayl
Bro.Linson C Joseph
058-6768849
DR. WILSON JOSEPH
DR. K O MATHEW
CALL NOW : BRO.SANTHOSH EAPEN
050 6576490
CHRISTIAN MUSIC NIGHT WITH THE PARTICIPATION OF FAMILY MEMBERS OF LATE EVG. BHAKTAVALSALAN & FAMOUS DEVOTIONAL SINGERS FROM KERALA
OFFICIAL LAUNCH OF CHRISTIAN LIVE MEDIA OPERATIONS IN UAE